# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1793 06.03.17 ൽ മറുപടിയ്ക്ക്

**ഹെഡ് ലൈറ്റുകൾ, ഫോഗ് ലാമ്പുകൾ ഇവയിൽ പ്രകാശ തീവ്രത കൂടിയ ബൾബുകളുടെ ഉപയോഗം**

| | ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സ്വകാര്യ കാറുകൾ ,ബൈക്കുകൾ ,ആഡംബര കാറുകൾ, മറ്റ് വാഹനങ്ങൾ എന്നിവയുടെ ഹെഡ് ലൈറ്റുകളിലും ഫോഗ് ലാമ്പുകളിലും രാത്രി സമയത്ത് പ്രകാശ തീവ്രത കൂടിയ ഹാലജൻ ബൾബുകളും നീല കളറിലുള്ള ലൈറ്റുകളും വ്യാപകമായി ഉപയോഗിക്കുന്നതും ലൈറ്റുകൾ ഡിം ചെയ്യാത്തതും മൂലം അപകടങ്ങൾ വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | നിരത്തിലിറങ്ങുന്ന പുതിയ തരം വാഹനങ്ങളിൽ ഉപയോഗിക്കുന്ന ഹൈ ബീം ലൈറ്റുകൾ മറ്റ് വാഹനങ്ങൾ ഉപയോഗിയ്ക്കുന്നവർക്കും മറ്റ് റോഡ് ഉപയോക്താക്കൾക്കും ബുദ്ധിമുട്ടുകൾ സൃഷ്ടിയ്ക്കുന്നതായും ഇവ ഡിം ചെയ്യാത്തതും അപകടങ്ങൾക്ക് കാരണമാവുന്നുവെന്നും ഉള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത വാഹനങ്ങൾ എതിർ ദിശയിൽ വരുമ്പോൾ മറ്റ് വാഹനങ്ങൾ ഓടിക്കുന്നവരുടെ കാഴ്ചയെ അത് സാരമായി ബാധിക്കുന്നത് മൂലം അപകടങ്ങൾ വർദ്ധിക്കുന്നതിനാൽ ഇത്തരം ലൈറ്റുകൾ ഉപയോഗിക്കുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ; | (ബി) | അനധികൃതമായ രീതിയിൽ ലൈറ്റുകൾ ഉപയോഗിയ്ക്കുന്ന വാഹനങ്ങൾക്കെതിരെ മോട്ടോർവാഹന വകുപ്പ് നടപടികൾ സ്വീകരിയ്ക്കുന്നുണ്ട്. ഈ വിഷയത്തിൽ 2015-ൽ 3714 വാഹനങ്ങൾക്കെതിരെ നടപടികൾ സ്വീകരിയ്ക്കുകയും 4,91,400/- രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, 2016 സെപ്റ്റംബർ വരെ 3209 വാഹനങ്ങൾക്കെതിരെ നടപടികൾ സ്വീകരിയ്ക്കുകയും 4,08,400/-രൂപ പിഴയിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. വാഹനങ്ങളുടെ ഹെഡ് ലൈറ്റുകളുടെ പ്രകാശ തീവ്രത അളക്കുന്നതിന് ആധുനിക ഉപകരണങ്ങളായ ലക്സ് മീറ്റർ മുതലായവ വാങ്ങുന്നതിനുള്ള നടപടികളും വകുപ്പ് സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഇത്തരം ലൈറ്റുകൾ വാഹനങ്ങളിൽ ഉപയോഗിക്കുന്നതിന് മോട്ടോർ വാഹന നിയമപ്രകാരം അനുമതിയുണ്ടോ; എങ്കിൽ ഏതെല്ലാം തരത്തിലുള്ള വാഹനങ്ങളിലാണെന്ന് വ്യക്തമാക്കുമോ; | (സി) | 1989-ലെ കേന്ദ്ര മോട്ടോർവാഹന ചട്ടം 138 (എസ്) പ്രകാരം P45T CAP ഉള്ള ഹാലജൻ ലൈറ്റുകൾ ഹെഡ് ലൈറ്റായി ഉപയോഗിക്കാൻ പാടുള്ളതല്ല. കൂടാതെ, ഹാലജൻ ബൾബിന്റെ വാട്ടേജ് 24 വോൾട്ട് സിസ്റ്റത്തിന് 70/75 വാട്ട്സിൽ കൂടുവാനോ 12 വോൾട്ട് സിസ്റ്റത്തിന് 60/65 വാട്ട്സിൽ കൂടുവാനോ പാടില്ല. |
| (ഡി) | ഭാവിയിൽ കൂടുതൽ അപകടങ്ങൾ ഒഴിവാക്കുന്നതിനായി ഇത്തരം ലൈറ്റുകൾ ഉപയോഗിക്കുന്നത് കർശനമായി തടയുന്നതിനും രാത്രി കാലങ്ങളിൽ ലൈറ്റ് ഡിം ചെയ്യുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും ആവശ്യമായ ബോധവൽക്കരണവും അടിയന്തിര നടപടികളും സ്വീകരിക്കുമോ? | (ഡി) | ഇത്തരം വാഹനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനായി രാത്രികാല പരിശോധനകൾ നടപ്പാക്കി വരുന്നുണ്ട്. മോട്ടോർവാഹന വകുപ്പ് നടത്തുന്ന പരിശീലന പരിപാടികളിൽ ഇത്തരം ദുരുപയോഗങ്ങളെപ്പറ്റി അറിവുകൾ പകർന്നു നൽകുകയും ചെയ്യുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| ജില്ല | 2015 | | 2016 സെപ്റ്റംബർ വരെ | |
|---|---|---|---|---|
| | കേസുകൾ | തുക | കേസുകൾ | തുക |
| തിരുവനന്തപുരം | 337 | 33700 | 220 | 22800 |
| കൊല്ലം | 41 | 4100 | 26 | 2600 |
| ആലപ്പുഴ | 206 | 103000 | 179 | 89500 |
| പത്തനംതിട്ട | 93 | 9300 | 71 | 7100 |
| കോട്ടയം | 1789 | 178900 | 1390 | 139000 |
| ഇടുക്കി | | | | |
| എറണാകുളം | 554 | 27900 | 665 | 29500 |
| തൃശ്ശൂർ | 28 | 2800 | 65 | 6500 |
| പാലക്കാട് | 96 | 9600 | 108 | 10800 |
| മലപ്പുറം | 145 | 14500 | 142 | 14200 |
| കോഴിക്കോട് | 137 | 36500 | 115 | 40200 |
| വയനാട് | | | | |
| കണ്ണൂർ | 173 | 17300 | 148 | 14800 |
| കാസർഗോഡ് | 68 | 6800 | 42 | 4200 |

സെക്ഷൻ ഓഫീസർ.